**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1800** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 137 ശതമാനം ഡി.എ. ലയിപ്പിച്ച് കൊണ്ടുള്ള പുതിയ ശമ്പള പരിഷ്കരണം 1.01.2022 മുതൽ പ്രാബല്യത്തിൽ വന്നോയെന്ന് വ്യക്തമാക്കുമോ; | (എ) | 13-1-2022ന് കെ.എസ്.ആർ.റ്റി.സി.യിലെ അംഗീകൃത സംഘടനകളും മാനേജ്മെന്റും തമ്മിൽ ഒപ്പവച്ച സേവന-വേതന കരാർ പ്രകാരം പുതുക്കിയ ശമ്പളം 01-1-2022 മുതൽ (2022 ഫെബ്രുവരി മാസം ലഭിക്കുന്ന ശമ്പളത്തോടൊപ്പം) അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നൽകിയതുപോലെ 137 ശതമാനം ഡി.എ. ലഭിച്ച വിരമിച്ച ജീവനക്കാരുടെ പെൻഷൻ എന്നുമുതൽ പരിഷ്കരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.റ്റി.സി.യിലെ നിലവിലെ മോശം സാമ്പത്തിക അവസ്ഥകാരണം, ധനകാര്യ വകുപ്പും സഹകരണ വകുപ്പുമായി സംയുക്തമായാണ് നിലവിൽ പെൻഷൻ വിതരണം ചെയ്തു വരുന്നത്. പ്രസ്തുത സാഹചര്യത്തിൽ ധനവകുപ്പുമായി കൂടിയാലോചന നടത്തി സമയബന്ധിതമായി പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് കരാറിന്റെ ഭാഗമാക്കുന്നതാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇടക്കാലാശ്വാസം 1500 രൂപ നൽകിയത് എന്നു മുതൽ ആയിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ 2020ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ 1,500/- രൂപ ഇടക്കാലാശ്വാസം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ഡി) | ഇടക്കാലാശ്വാസമായി 1500 രൂപ നൽകിയ തീയതി മുതലാണോ ശമ്പള പരിഷ്കരണത്തിന് പ്രാബല്യം നൽകുന്നത്; അല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | ഇടക്കാലാശ്വാസം നൽകിയ തീയതി മുതൽ ശമ്പളപരിഷ്കരണത്തിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. 29-2-2016 മുതൽ പുതിയ ശമ്പള പരിഷ്കരണത്തിന് അർഹതയുണ്ടായിരുന്നെങ്കിലും കെ.എസ്.ആർ.റ്റി.സി.യുടെ മോശം സാമ്പത്തിക പ്രതിസന്ധി കാരണം ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ കഴിയാതെ കഴിയാത്തതിനാലാണ് സാമ്പത്തികമായി ബുദ്ധിമുട്ടുകൾ നേരിടുന്ന കോർപ്പറേഷനിലെ ജീവനക്കാർക്ക് ആശ്വാസം എന്ന നിലയ്ക്കാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുവരെ ഇടക്കാലാശ്വാസമായി 1,500/- രൂപ അനുവദിച്ച് |

| | | | |
|---|---|---|---|
| | | | നൽകിയിരുന്നത്. കെ.എസ്.ആർ.റ്റി.സി.യിൽ ശമ്പള പരിഷ്കരണം അംഗീകൃത തൊഴിലാളി സംഘടനകളും മാനേജ്മെന്റും തമ്മിൽ നടത്തുന്ന ചർച്ചകളിലെ തീരുമാനങ്ങൾ പ്രകാരം സേവന-വേതന കരാർ ഒപ്പു വച്ച് ആയതിന്മേൽ സർക്കാർ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള ചർച്ചകളിലാണ് ശമ്പളപരിഷ്കരണ പ്രാബല്യ തീയതിയും മറ്റുള്ള വ്യവസ്ഥകളും തീരുമാനി ക്കുന്നത്. 2021-ലെ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.റ്റി.സി.യിലെ മൂന്ന് അംഗീകൃത തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയിൽ 01-6-2021 മുതൽ കരാറിന് പ്രാബല്യവും, സാമ്പത്തിക ആനുകൂല്യം 01-1-2022 മുതൽ എന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതിൻപ്രകാരം 13-01-2022 തീയതിയിൽ ശമ്പളപരിഷ്കരണ കരാർ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ